# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പനത്തടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കാസറഗോഡ്-671123**

**ഇ-മെയിൽ: doksd.ksad@kerala.gov.in**

**ഫോൺ : 04994-256690**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എസ്.ഡി./11/710/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 25/11/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനത്തടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എസ്.ഡി./11/710/2021 തീയ്യതി: 25/11/2021

## കാസർഗോഡ് ജില്ലയിലെ പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-01-2020 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ.ടി.എൻ | ഡെപ്യൂട്ടി ഡയറക്ടർ | 24-09-2021 | 11-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-09-2021 | 11-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1.വിനീത് കുമാർ.കെ.പി - ഓഡിറ്റ് ഓഫീസർ (24.9.2021 മുതൽ 29.9.2021 വരെ)
2.വിനോദ് കുമാർ.വി - അസി.ഓഡിറ്റ് ഓഫീസർ (24.9.2021 മുതൽ 29.9.2021 വരെ)
3.രഘുനാഥൻ.കെ - അസി.ഓഡിറ്റ് ഓഫീസർ
4.ജെനു കുര്യാക്കോസ് - അസി.ഓഡിറ്റ് ഓഫീസർ
5.കുഞ്ഞികൃഷ്ണൻ.കെ.സി - അസി.ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.ജി.മോഹനൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| നാരായണ.കെ (സെക്രട്ടറി I/C) | സെക്രട്ടറി | 01-04-2019 | 24-04-2019 |
| ബാലകൃഷ്ണൻ.കെ | സെക്രട്ടറി | 25-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നാരായണ.കെ | അസി.സെക്രട്ടറി | 01-04-2019 | 23-07-2019 |
| രവീന്ദ്രൻ.കെ | അസി.സെക്രട്ടറി | 24-07-2019 | 31-07-2019 |
| വിജയൻ.ഇ.എൻ | അസി.സെക്രട്ടറി | 01-08-2019 | 09-12-2019 |
| പ്രിയേഷ്.എൻ | അസി.സെക്രട്ടറി | 10-12-2019 | 31-12-2019 |
| ജോസ് അബ്രഹാം | അസി.സെക്രട്ടറി | 01-01-2020 | 31-03-2020 |
| രാജേഷ്.എം.കെ | അസി.എഞ്ചിനീയർ | 01-04-2019 | 16-07-2019 |
| മോഹനൻ.പി.വി(അഡീ.ചാർജ്ജ്) | അസി.എഞ്ചിനീയർ | 17-07-2019 | 20-11-2019 |
| ഹെറി തോമസ് | അസി.എഞ്ചിനീയർ | 21-11-2019 | 31-03-2020 |
| വിനോദിനി.എ) | കൃഷി ഓഫീസർ | 01-04-2019 | 02-04-2019 |
| ബിന്ദു.പി | കൃഷി ഓഫീസർ | 02-04-2019 | 16-10-2019 |
| വിനോദിനി.എ) | കൃഷി ഓഫീസർ | 17-10-2019 | 27-11-2019 |
| ബിന്ദു.പി | കൃഷി ഓഫീസർ | 28-11-2019 | 24-12-2019 |
| വിനോദിനി.എ) | കൃഷി ഓഫീസർ | 25-12-2019 | 31-03-2020 |
| സജിന കായക്കീൽ | ICDS സൂപ്പർവൈസർ | 01-04-2019 | 21-06-2019 |
| ശരണ്യ.കെ | ICDS സൂപ്പർവൈസർ | 22-06-2019 | 05-08-2019 |
| സജിന കായക്കീൽ | ICDS സൂപ്പർവൈസർ | 06-08-2019 | 20-12-2019 |
| | | 21-12- | 31-03- |

| | | | |
|---|---|---|---|
| ശരണ്യ.കെ | ICDS സൂപ്പർവൈസർ | 2019 | 2020 |
| ജയരാജ്.പി | വി.ഇ.ഒ-1 | 01-04-2019 | 05-12-2019 |
| ഉഷ.വി | വി.ഇ.ഒ-1 | 06-12-2019 | 31-03-2020 |
| റാഷിദ് | വി.ഇ.ഒ-2 | 01-04-2019 | 31-03-2020 |
| ഗോപി.ടി | ഹെഡ് മാസ്റ്റർ | 01-04-2019 | 04-05-2019 |
| ജോയിസ് ജോസഫ് | ഹെഡ് മാസ്റ്റർ | 05-05-2019 | 31-03-2020 |
| ഡോ.അർജ്ജുൻ.കെ.സി | വെറ്റിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ഡോ.മാർക്ക് ജേക്കബ് | മെഡിക്കൽ ഓഫീസർ-അലോപ്പതി | 01-04-2019 | 31-03-2020 |
| ഡോ.ദിലീപ്.കെ | മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ.ദീപ.വി.കെ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2019 | 09-05-2019 |
| ഡോ.ശർമ്മ.പി.കെ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 10-05-2019 | 31-03-2020 |
| ജയലക്ഷ്മി.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jenu Kuriakkose (Senior Grade Auditor, On 06-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധന -നിരീക്ഷണങ്ങൾ<br>Written By: Vineeth Kumar K.P (Audit Officer, On 01-11-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 01-11-2021) | 1-2 |
| 3 | ഇടപാടുകളില്ലാത്ത / നീക്കിയിരിപ്പില്ലാത്ത അക്കൗണ്ടുകൾ<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-10-2021) | 1-2-1 |
| 4 | വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.<br>Written By: Vineeth Kumar K.P (Audit Officer, On 01-11-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 01-11-2021) | 1-2-2 |
| 5 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-10-2021) | 1-2-3 |
| 6 | പരിയാരം വാട്ടർഷെഡ്-അക്കൗണ്ട്- നീക്കിയിരിപ്പ് അപാകത<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-10-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 01-11-2021) | 1-2-4 |
| 7 | ലൈഫ് ഭവനപദ്ധതി ലോൺ രജിസ്റ്റർ-അപാകത<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-10-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 01-11-2021) | 1-2-5 |
| 8 | സാമ്പത്തിക വിശകലനം<br>Written By: Jenu Kuriakkose (Senior Grade Auditor, On 06-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-10-2021) | 1-3 |
| 9 | വിവിധ ഫണ്ടുകളുടെ വിനിയോഗം<br>Written By: Jenu Kuriakkose (Senior Grade Auditor, On 06-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-11-2021) | 1-4 |
| 10 | പദ്ധതി അവലോകനം<br>Written By: Jenu Kuriakkose (Senior Grade Auditor, On 06-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-11-2021) | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-11-2021) | 1-6 |
| 12 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 02-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-10-2021) | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 02-10-2021)<br>Last Updated By: Kunjhikrishnan. K.C (Senior Grade Auditor, On 02-10-2021) | 1-8 |
| 14 | ആഭ്യന്തരനിയന്ത്രണം<br>Written By: Jenu Kuriakkose (Senior Grade Auditor, On 06-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-10-2021) | 1-9 |
| 15 | തൊഴിൽ നികുതി അപാകതകൾ.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 11-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-11-2021) | 1-10 |
| 16 | ലൈസൻസ് പൊതു അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 11-10-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 24-11-2021) | 1-11 |

| | | |
|---|---|---|
| 17 | അഗതി ആശ്രയ പദ്ധതി-പഴയ ബാങ്ക് അക്കൗണ്ടിൽ വലിയ തുക ബാലൻസ്<br>Written By: Raghunadhan. K (Asst. Audit Officer, On 07-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-10-2021) | 1-12 |
| 18 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ സഹായം നൽകിയില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 07-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-11-2021) | 1-13 |
| 19 | അഗതി രഹിത കേരളം പദ്ധതി - തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 07-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-10-2021) | 1-14 |
| 20 | കരാറുകാർ നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചിട്ടില്ല- പിഴ തുക ഈടാക്കാത്തതിനാൽ 27120/- രൂപയുടെ നഷ്ടം<br>Written By: Vineeth Kumar K.P (Audit Officer, On 05-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-11-2021) | 1-15 |
| 21 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 11-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-10-2021) | 1-16 |
| 22 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും നികുതികൾ കുറവു ചെയ്തില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 11-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-10-2021) | 1-17 |
| 23 | തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിട്ടില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 11-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-10-2021) | 1-18 |
| 24 | വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 11-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-10-2021) | 1-19 |
| 25 | ക്ഷേമ പെൻഷൻ പൊതു അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 11-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-11-2021) | 1-20 |
| 26 | ഗോത്ര സാരഥി പദ്ധതി- നടപ്പാക്കിയതിലെ അപാകതകൾ<br>Written By: Jenu Kuriakkose (Senior Grade Auditor, On 22-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-11-2021) | 1-21 |
| 27 | രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Jenu Kuriakkose (Senior Grade Auditor, On 22-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-10-2021) | 1-22 |
| 28 | കുടുംബശ്രീ വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ പദ്ധതി -അപാകതകൾ<br>Written By: Jenu Kuriakkose (Senior Grade Auditor, On 22-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-10-2021) | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-10-2021)<br>Last Updated By: Jenu Kuriakkose (Senior Grade Auditor, On 07-10-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| | Written By: Jenu Kuriakkose (Senior Grade Auditor, On 07-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-10-2021) | |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-10-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-10-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 27-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-10-2021)<br>Last Updated By: Jenu Kuriakkose (Senior Grade Auditor, On 07-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-10-2021)<br>Last Updated By: Jenu Kuriakkose (Senior Grade Auditor, On 07-10-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 03-10-2021)<br>Last Updated By: Kunjhikrishnan. K.C (Senior Grade Auditor, On 03-10-2021) | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-10-2021)<br>Last Updated By: Jenu Kuriakkose (Senior Grade Auditor, On 07-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Vineeth Kumar K.P (Audit Officer, On 07-10-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 25-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Vineeth Kumar K.P (Audit Officer, On 08-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-11-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/1 14.02.2019 | 02/1 15.3.2020 |
| മുന്നിരിപ്പ് | 3480105 | 7043336 |
| വരവ് | 225192097 | 352529016 |
| ആകെ | 228672202 | 359572352 |
| ചെലവ് | 224439797 | 355687488 |
| നീക്കിയിരിപ്പ് | 4232405 | 3884864 |

### 1-2 വാർഷിക ധനകാര്യപത്രിക പരിശോധന -നിരീക്ഷണങ്ങൾ

പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ധനകാര്യ പത്രിക 17.06.2020-ന് ഓഡിറ്റിന് സമർപ്പിച്ചിരുന്നു. ധനകാര്യ പത്രികയുടെ വിശദമായ പരിശോധനയും സർട്ടിഫിക്കേഷനും ഓഡിറ്റ് വേളയിൽ നടത്തി. ധനകാര്യ പത്രികയുടെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട പൊതുവായ നിരീക്ഷണങ്ങൾ, കണക്ക് സൂക്ഷിപ്പുമായി ബന്ധപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പരിശോധന തുടങ്ങിയ പ്രധാന നിരീക്ഷണങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 ഇടപാടുകളില്ലാത്ത / നീക്കിയിരിപ്പില്ലാത്ത അക്കൗണ്ടുകൾ

നിലവിൽ 19 ബാങ്ക് / ട്രഷറി അക്കൗണ്ടുകളാണ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്, ഇതിൽ 10 ബാങ്ക് /ട്രഷറി അക്കൗണ്ടുകളിൽ കൂടിയാണ് ഇടപാടുകൾ നടക്കുന്നത്. മറ്റ് 9 ബാങ്ക് / ട്രഷറി അക്കൗണ്ടുകളിൽ 31.3.2020 ന് നീക്കിയിരിപ്പില്ല. ഈ അക്കൗണ്ടുകൾ നിലവിൽ ഗ്രാമ പഞ്ചായത്ത് ഉപയോഗിക്കാത്തവയാണ്. ഇടപാടുകളില്ലാത്ത പ്രത്യേകം സൂക്ഷിക്കാൻ നിർദ്ദേശിച്ചിട്ടില്ലാത്ത അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-2-2 വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ , കണ്ടിജന്റ് ബാധ്യതകൾ , ധനസഹായ റിപ്പോർട്ടുകൾ , മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല.

### 1-2-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

സാമ്പത്തിക വർഷത്തിൽ ആർജ്ജിക്കപ്പെടുന്നതും ചെലവ് നടത്താത്തതുമായ ആസ്തികളുടെ കാര്യത്തിൽ ആസ്തിയുടെ മൂല്യം സാമ്പത്തിക വർഷത്തിൽ തന്നെ വാർഷിക കണക്കിൽ ഉൾപ്പെടുത്തപ്പെടുന്നില്ല. മറിച്ച് ചെലവ് നടത്തപ്പെടുന്ന സമയത്ത് മാത്രമാണ് സാംഖ്യയിൽ രേഖപ്പെടുത്തൽ വരുത്തുന്നത്. തനത് ഫണ്ട് ഉപയോഗിച്ച് സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ മൂല്യം ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല. സ്ഥാപനത്തിന്റെ അധീനതയിലുള്ള മുഴുവൻ ആസ്തികളുടെയും മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന്റെ വാർഷിക കണക്കുകൾ യഥാർത്ഥത്തിലുള്ള ആസ്തിമൂല്യം പ്രതിഫലിപ്പിക്കുന്നില്ല.

### 1-2-4 പരിയാരം വാട്ടർഷെഡ്-അക്കൗണ്ട്- നീക്കിയിരിപ്പ് അപാകത

പനത്തടി സർവ്വീസ് കോ – ഓപ്പറേറ്റിവ് ബാങ്കിലുള്ള പരിയാരം വാട്ടർഷെഡ് അക്കൗണ്ടിലെ (നം.

030111000334 ) 31.3.2020 ലെ നീക്കിയിരിപ്പ് പാസ്സ് ബുക്ക് പ്രകാരം 11,888/- രൂപയാണ്, എന്നാൽ വാർഷികധനകാര്യ പത്രിക പ്രകാരം നീക്കിയിരിപ്പ് 11,431/- രൂപയാണ്. 457/-രൂപയുടെ വ്യത്യാസം റീക്കൺസിലേഷൻ നടത്തിയിട്ടില്ല.

**1-2-5 ലൈഫ് ഭവനപദ്ധതി ലോൺ രജിസ്റ്റർ-അപാകത**

ലൈഫ് ഭവനപദ്ധതി ലോൺ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

**1-3 സാമ്പത്തിക വിശകലനം**

(വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| | |
|---|---|
| വർഷം | 2019-20 |
| മുന്നിരിപ്പ് | 36886410 |
| വരവ് | 99357096 |
| ആകെ | 136243506 |
| ചെലവ് | 110192114 |
| നീക്കിയിരിപ്പ് | 26051392 |

**1-4 വിവിധ ഫണ്ടുകളുടെ വിനിയോഗം**

ഗ്രാന്റ് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2019-20)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 15844052 | 15844052 | 13593101 | 2250951 | 85.79 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 723000 | 723000 | 106694 | 616306 | 14.76 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 18018000 | 18018000 | 12847963 | 5170037 | 71.31 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 16360000 | 16360000 | 7641922 | 8718078 | 46.71 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 5040000 | 5040000 | 2448407 | 2591593 | 48.58 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12111986 | 12111986 | 5092215 | 7019771 | 42.04 |
| ആകെ | 0 | 65272925 | 65272925 | 41730302 | 23542623 | 63.93 |

(വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹735878/- (ജനറൽ) , ₹2088235/- (ടി.എസ്.പി.) എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ ജി.ഒ. പ്രൊജക്ടുകളായി ഉൾപ്പെടുത്തി ചെലവ് ക്രമീകരിച്ചിട്ടുണ്ട്. 9 പ്രൊജക്ടുകളിലായി ₹1787575/- രൂപ അടുത്ത സാമ്പത്തിക വർഷം ക്യൂ ബിൽ ആയി മാറിയിട്ടുണ്ട്. )

ഗ്രാന്റ് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13593101 | 13593101 | 13593101 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 106694 | 106694 | 106694 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 12847963 | 12847963 | 12847963 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 7641922 | 7641922 | 7641922 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 2448407 | 2448407 | 2448407 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5092215 | 5092215 | 5092215 | 0 |
| ബി ഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | 0 | 1920 | 1920 | 1920 | 0 |
| വിവാഹ ധന സഹായം | 0 | 210000 | 210000 | 210000 | 0 |
| നെല്ലുല്പാദക ബോണസ്സ് | 0 | 0 | 0 | 0 | 0 |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 1325000 | 1325000 | 1325000 | 0 |
| ടി.എസ്.ബി. ജനറൽ പർപ്പസ് അക്കൗണ്ട് * (തൻവർഷം 10575088/- രൂപയാണ് ലഭിച്ചത്) | 4155554 | 11744632 | 15900186 | 13860311 | 2039875 |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | 6668455 | 2238780 | 8907235 | 2774787 | 6132448 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത്) | 3288572 | 101294 | 3389866 | 101294 | 3288572 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| തൊഴിലുറപ്പ് പദ്ധതി | 56986 | 65355961 | 65412967 | 65346565 | 66382 |
| വെസ്റ്റേൺ ഗാട്ട് | 945400 | 0 | 945400 | 911296 | 34104 |
| ഐ.സി.ഡി.എസ്. കേന്ദ്ര വിഹിതം | 1108854 | 808513 | 1917367 | 301336 | 1616031 |
| പൈക്ക | 0 | 0 | 0 | 0 | 0 |
| മറ്റ് കേന്ദ്ര ഗ്രാന്റുകൾ | 3803186 | 0 | 0 | 150000 | 3653186 |
| ടോട്ടൽ സാനിറ്റേഷൻ | 3067727 | 0 | 3067727 | 0 | 3067727 |
| ദേശീയ വികലാംഗ പുനരധിവാസ പദ്ധതി | 170000 | 0 | 170000 | 0 | 170000 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| സാക്ഷരത | 94805 | 0 | 94805 | 0 | 94805 |
| വിമുക്തി | 54000 | 0 | 54000 | 0 | 54000 |
| മറ്റുള്ളവ | 8733168 | 0 | 8733168 | 74704 | 8658464 |

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 206 | 222621153 | 119 | 93975486 | 63 | 24 | 58 |

<u>നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം</u>

| ക്രമനം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2019-20 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 21 | 16286635 | 17 | 9851257 | 62.74 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 3 | 2164640 | 1 | 260720 | 12.04 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 131 | 54156717 | 62 | 21721832 | 40.11 |
| 4 | കൃഷി ഓഫീസർ | 9 | 3300594 | 5 | 1904636 | 57.71 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13 | 127011604 | 11 | 48566382 | 38.24 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 4396600 | 3 | 3314177 | 75.38 |
| 7 | വെറ്ററിനറി സർജ്ജൻ | 8 | 3591367 | 7 | 2483767 | 57.71 |
| 8 | മെഡിക്കൽ ഓഫീസർ – ആയുർവ്വേദം | 1 | 700000 | 1 | 700000 | 100 |
| 9 | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 6 | 4769164 | 6 | 1460440 | 30.62 |
| 10 | പ്രധാനാധ്യാപകൻ | 6 | 2961410 | 5 | 2480800 | 83.77 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 3282422 | 1 | 1231475 | 37.52 |
| | ആകെ | 206 | 222621153 | 119 | 93975486 | 42.38 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 56986 | 2362967 | 2419953 | 2353571 | 66382 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 62992994 | 62992994 | 62992994 | 0 |
| ആകെ | 56986 | 65355961 | 65412947 | 65346565 | 66382 |

(കൂടാതെ 100 ദിനം തൊഴിൽ എടുത്തവർക്കുള്ള ഇൻസെന്റീവ് ഇനത്തിൽ സംസ്ഥാന സർക്കാർ അനുവദിച്ച 1325000/- രൂപയും തൻ വർഷം വിനിയോഗിച്ചിട്ടുണ്ട്)

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2019-20 വർഷം 1280 പദ്ധതികളുൾപ്പെടുന്ന 286933542/-കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 468 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 245921 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 1325 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1920 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 889200 | 176 |
| വിധവാപെൻഷൻ | 7067400 | 1294 |
| വാർദ്ധക്യകാലപെൻഷൻ | 8447700 | 1801 |
| വികലാംഗപെൻഷൻ | 1521900 | 287 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 206400 | 40 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 210000 | 6 |

**<u>1-8 ക്യാഷ് ബാലൻസ് പരിശോധന</u>**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.09.2021 തീയ്യതിയിൽ 3.20 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 583/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

**<u>1-9 ആഭ്യന്തരനിയന്ത്രണം</u>**

<u>പൊതു നിയന്ത്രണം</u>

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |
| 8 | ഡ്രൈവർ ഗ്രേഡ്-1 | 1 |
| 9 | പി.ടി.എസ് | 1 |

01.01.2016 ലെ ഉത്തരവ് നം. എ1/13689/2014 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഓഫീസ് ഉത്തരവിൽ പിന്നീട് പുതിയ ചുമതലകൾ വരുന്നതിന്റെയടിസ്ഥാനത്തിൽ നിരവധി ഉപ ഉത്തരവുകൾ പ്രകാരം കൂട്ടിചേർക്കലുകളുണ്ടായിട്ടുണ്ട്. ജീവനക്കാരുടെ സേവന പുസ്തകം

കൃത്യമായി പരിപാലിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ട് മുഖേനയാണ് വിതരണം നടത്തുന്നത്. ജീവനക്കാരുടെ ഹാജർ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. ബജറ്റ് വിശദാംശങ്ങൾ ഭരണസമിതി മിനിട്സിൽ രേഖപ്പെടുത്തുന്നില്ല. ബജറ്റ് അംഗീകരിച്ചു എന്ന ഒറ്റവരി തീരുമാനം മാത്രമാണ് ഭരണസമിതി മിനിട്സിൽ രേഖപ്പെടുത്തിക്കാണുന്നത്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. ദിവസേനയുള്ള വരവുകൾ ബാങ്കിൽ ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്. ഗ്രാമ പഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ ശംബള റിക്കവറി രജിസ്റ്റർ, തുടങ്ങിയവ എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയത് സൂക്ഷിക്കേണ്ടതാണ്.

**1-10 തൊഴിൽ നികുതി അപാകതകൾ.**

2019-20 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, സ്ഥാപനത്തിലെ ഓഫീസ് മേധാവി/ സ്ഥാപന ഉടമ സമർപ്പിക്കുന്ന റിട്ടേണുകൾ എന്നീവ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതു അപാകതകൾ താഴെകൊടുക്കുന്നു.

1) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ജീവനക്കാരും /തൊഴിലാളികളും തൊഴിൽ സ്ഥാപനവും തങ്ങളുടെ തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്. തൊഴിൽ സ്ഥാപനങ്ങൾ അർദ്ധ വാർഷിക ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് നികുതി ഒടുക്കണം. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ താഴെക്കൊടുത്തിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | എസ്.ബി.ഐ. ബളാംതോട് | 2019-20 ഒന്നും, രണ്ടും അർദ്ധവർഷം |
| 2 | ബി.എസ്.എൻ.എൽ. | 2019-20 ഒന്നും, രണ്ടും അർദ്ധവർഷം |
| 3 | മാവേലി സ്റ്റോർ കോളിച്ചാൽ | 2019-20 ഒന്നും, രണ്ടും അർദ്ധവർഷം |
| 4 | മാവേലി സ്റ്റോർ ബളാംതോട് | 2019-20 ഒന്നും, രണ്ടും അർദ്ധവർഷം |

2) അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ ഈടാക്കിയില്ല.

1994-ലെ കോരള പഞ്ചായത്ത് രാജ് നിയമത്തിലെ 204(Ii)എ(I)വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിൽ ഏർപ്പെടുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് താമസക്കാരായ ചുവടെ ചേർത്ത അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. വിശദവിവരം ചുവടെചേർക്കുന്നു.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | തൊഴിൽ നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | എ.കെ.ശശി ,അത്തിക്കയം പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2019-20 ഒന്നും,രണ്ടും അർദ്ധവർഷം. |
| 2 | ജി.എസ് രാജീവ്, സാജാമന്ദിർ, പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ | 2019-20 ഒന്നും,രണ്ടും അർദ്ധവർഷം. |

3)പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് ഏറ്റെടുത്ത വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തേക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് ഏറ്റെടുത്ത താഴെക്കൊടുത്തിരിക്കുന്ന വിവിധ കച്ചവടങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഷോപ്പിംങ് കോംപ്ലക്സ് വാടക രജിസ്റ്റർ പ്രകാരം<br>പേജ് നമ്പർ | കച്ചവട സ്ഥാപനത്തിന്റെ<br>കെട്ടിട നമ്പർ | കച്ചവടക്കാരന്റെ പേരും/ വിലാസവും |
|---|---|---|---|
| 1 | 32 മുതൽ 35 വരെ | V11/546<br>V11/547<br>V11/548<br>V11/549 | ജെയിൻ ജേക്കബ്<br>നെല്ലിക്കുന്ന് |
| 2 | 36 | VII/550 | സുരേഷ്.എ.എൻ |

4)കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പ്രദേശത്ത് വിവിധ കച്ചവടങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് രജിസ്റ്റർ പ്രകാരം<br>ക്രമ നമ്പർ | കച്ചവട സ്ഥാപനത്തിന്റെ<br>കെട്ടിട നമ്പർ | കച്ചവടക്കാരന്റെ പേരും/ വിലാസവും |
|---|---|---|---|
| 1 | 4/2019-20 | XIV/169N,169P | ബെന്നി അബ്രഹാം |
| 2 | 6/2019-20 | I/126 | പി.നാരായണൻ<br>S/O കൃഷ്ണൻ നായർ<br>ബീംബുങ്കാൽ,മാനടുക്കം |
| 3 | 7/2019-20 | X/310 | പത്മകുമാർ.എം.വി<br>പത്മാനിവാസ് |
| 4 | 8/2019-20 | X/311,312 | ബീന പി.എൻ<br>W/Oപത്മകുമാർ |
| 5 | 10/2019-20 | VIII/520 | എ.കെ നാരായണൻ നായർ<br>അരുണാചലം<br>പാണത്തൂർ |
| 6 | 12/2019-20 | X/303,304,305 | നാഗേഷ്.കെ<br>ലക്ഷ്മി നിവാസ്<br>ബളാന്തോട് |
| 7 | 13/2019-20 | X/306 | ആശ എൻ പൈ<br>ലക്ഷ്മി നിവാസ്<br>ബളാന്തോട് |
| 8 | 17/2019-20 | III/203 | സതീഷ് ജോസഫ്<br>ചക്കാംകുന്നേൽ<br>മാലക്കല്ല് |
| 9 | 18/2019-20 | VII/564 | രാജേഷ് പോൾ<br>S/Oപോൾ വർഗ്ഗീസ്<br>തെക്കേകുന്നേൽ |
| 10 | 19/2019-20 | VII/282 | ശ്യാമ ബിജുകുമാർ<br>അത്തിക്കൽ വീട്<br>പാണത്തൂർ |
| 11 | 37/2019-20 | X/301,301A,302 | കെ.രജിത പൈ<br>ഹരികൃപ |

| | | | |
|---|---|---|---|
| | | | ബളാംതോട് |
| 12 | 57/2019-20 | VIII/251B | കെ.എം ജോൺ<br>കണിയാംപറമ്പിൽ<br>റാണിപുരം |
| 13 | 96/2019-20 | V/587,588,589 | രാജൻ പോത്തൻ<br>S/O നാരായണൻ പോത്തൻ<br>കൗസ്തുഭം, ചിറക്കൽ |
| 14 | 141/2019-20 | XI/247E,247F,247G | ഹംസ മൊയ്തു<br>ചിറങ്കടവ്<br>ബളാംതോട് |

5) <u>ക്ഷാമ ബത്ത കണക്കാക്കാതെ തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത - സംബന്ധിച്ച്.</u>

1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ , സെക്ഷൻ 204(3) പ്രകാരം ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടു വാടക ബത്ത ഒഴികെ എല്ലാ മാർഗ്ഗങ്ങളിലും കൂടിയുള്ള മൊത്ത വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി നിർണ്ണയിക്കേണ്ടത്. അർദ്ധവർഷത്തെ അടിസ്ഥാന ശമ്പളവും, ക്ഷാമബത്തയും, ബോണസ്/ ഉത്സവബത്തയും ഉൾപ്പെടുത്തിയാണ് ആകെ വരുമാനം കണക്കാക്കേണ്ടിയിരുന്നത്. എന്നാൽ ചില ജീവനക്കാരിൽ നിന്നും ക്ഷാമബത്ത ഉൾപ്പെടുത്താതെയാണ് സ്ഥാപനത്തിലെ ഓഫീസ് മേധാവി/ സ്ഥാപന ഉടമ റിട്ടേണുകൾ സമർപ്പിട്ടത്. ജീവനക്കാരുടെ അർദ്ധവർഷത്തെ അടിസ്ഥാന ശമ്പളം മാത്രം രേഖപ്പെടുത്തിയാണ് തൊഴിൽ നികുതി നിർണ്ണയിച്ച് നികുതി പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്/ സ്ഥാപനത്തിന്റെ പേര് | ഉദ്യോഗ പേര് |
|---|---|---|
| 1 | നളിനി.കെ<br>വെറ്റിനറി ഡിസ്പെൻസറി, ബളാംതോട് | അറ്റൻഡർ |
| 2 | സജിത് പി.കെ<br>വെറ്റിനറി ഡിസ്പെൻസറി, ബളാംതോട് | ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ |
| 3 | വേലായുധൻ കെ<br>ഹോമിയോ ഡിസ്പെൻസറി, ബളാംതോട് | അറ്റൻഡർ |

മേൽ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷത്തെ (6 മാസത്തെ ക്ഷാമബത്ത) ക്ഷാമബത്ത ഉൾപ്പെടുത്താതെ തൊഴിൽ നികുതി നിർണ്ണയിച്ച് നികുതി ഒടുക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

<u>6)ശാരീരിക അവശത സ്ഥിതീകരിക്കുന്നതിനായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല</u>

2019-20 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി പരിശോധനയിൽ ഹാജരാക്കിയ റിട്ടേണുകൾ പരിശോധിച്ചതിൽ ചില ജീവനക്കാർക്ക് ശാരീരിക അവശത ഉണ്ടെന്ന കാരണത്താൽ നികുതി അടവാക്കുന്നതിൽ ഇളവ് നൽകിയതായി കാണുകയുണ്ടായി. എന്നാൽ ശാരീരിക അവശത സ്ഥിരീകരിക്കുന്ന രേഖകൾ റിട്ടേണിനൊപ്പം ചേർത്തു വെച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | സ്ഥാപനം |
|---|---|---|
| 1 | ഭാസ്കരൻ പി.,<br>ഫാർമിസ്റ്റ് | ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, പനത്തടി |
| 2 | ദീപേഷ് വി.വി.,<br>യു.പി. സ്കൂൾ അസിസ്റ്റന്റ് | ഗവൺമെന്റ് വെൽഫെയർ ഹൈസ്കൂൾ, പാണത്തൂർ |
| 3 | സുരേഷ് പി.എസ്.,<br>നേഴ്സിംഗ് അസിസ്റ്റന്റ് | പി. എച്ച്.സി., പാണത്തൂർ |

<u>7)ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല</u>

കേരള പഞ്ചായത്ത് രാജ് നിയമം 204(11)എ(1)പ്രകാരം 60 ദിവസമോ അതിൽ കൂടുതലോ ഒരു അർദ്ധവർഷം തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ ജോലി /തൊഴിൽ ചെയ്ത വ്യക്തി തൊഴിൽ നികുതിക്ക് വിധേയനാകും. പനത്തടി ഗ്രാമ പഞ്ചായത്ത് പരിധിയിലെ സർക്കാർ ഓഫീസുകളിൽ താഴെപറയുന്ന ഉദ്യോഗസ്ഥർ 2019-20 ഒന്നാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി ഒടുക്കേണ്ട മാസമായ 6/2019 വരെ ജോലി ചെയ്തിട്ടുണ്ട്. തുടർന്ന് ഈ ഉദ്യോഗസ്ഥർ പഞ്ചായത്തിൽ തൊഴിൽ നികുതി അടക്കാതെ സ്ഥലം മാറി മറ്റ് പ്രദേശങ്ങളിലേക്ക് പോയി കാണുന്നു. എന്നാൽ മറ്റ് സ്ഥലങ്ങളിൽ 2019-20 ഒന്നാം അർദ്ധവർഷം അവർ തൊഴിൽ ചെയ്ത കാലയളവ് 60 ദിവസത്തിൽ കുറവായതിനാൽ സ്വാഭാവികമായും അവിടെ തൊഴിൽ നികുതി ഒടുക്കേണ്ടിവരില്ല. ഇക്കാര്യം പരിശോധിച്ച് പ്രസ്തുത ഉദ്യോഗസ്ഥർ 2019-20 ഒന്നാം അർദ്ധവർഷം നിയമപ്രകാരം ഒടുക്കേണ്ട തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും, പനത്തടി ഗ്രാമ പഞ്ചായത്തിൽ ജോലി ചെയ്ത കാലയളവിലെ വരുമാനം ഒഴിവാക്കിയാണ് തൊഴിൽ നികുതി പുതിയ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കിയിട്ടുള്ളതെങ്കിൽ ഈ കാലയളവിലെ വരുമാനം കണക്കാക്കി തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | പേര് / ഉദ്യോഗപേര് | സ്ഥാപനം | അർദ്ധവർഷം | അഭിപ്രായം |
|---|---|---|---|---|
| 1 | സന്ദീപ് പി കുമാർ<br>അസിസ്റ്റന്റ് മാനേജർ | പ്ലാന്റേഷൻ കോർപ്പറേഷൻ രാജപുരം എസ്റ്റേറ്റ് (പാണത്തൂർ) | 2019-20 ഒന്നാം അർദ്ധവർഷം | വിടുതൽ ചെയ്ത തീയ്യതി. 21.06.2019<br>(82ദിവസം) |
| 2 | റെജി യോഹനാൻ<br>എഫ്/ അസിസ്റ്റന്റ് | പ്ലാന്റേഷൻ കോർപ്പറേഷൻ രാജപുരം എസ്റ്റേറ്റ് (പാണത്തൂർ) | 2019-20 ഒന്നാം അർദ്ധവർഷം | വിടുതൽ ചെയ്ത തീയ്യതി. 21.06.2019<br>(82ദിവസം) |
| 3 | ലോഹിതാക്ഷൻ കെ.വി.<br>എഫ്/ അസിസ്റ്റന്റ് | പ്ലാന്റേഷൻ കോർപ്പറേഷൻ രാജപുരം എസ്റ്റേറ്റ് (പാണത്തൂർ) | 2019-20 ഒന്നാം അർദ്ധവർഷം | വിടുതൽ ചെയ്ത തീയ്യതി.21.06.2019<br>(82ദിവസം) |
| 4 | അരുൺ കെ.ആർ<br>എഫ്/ അസിസ്റ്റന്റ് | പ്ലാന്റേഷൻ കോർപ്പറേഷൻ രാജപുരം എസ്റ്റേറ്റ് (പാണത്തൂർ) | 2019-20 ഒന്നാം അർദ്ധവർഷം | വിടുതൽ ചെയ്ത തീയ്യതി.21.06.2019<br>(82ദിവസം) |
| 5 | ഹരികൃഷ്ണൻ എം.ആർ<br>എഫ്/ അസിസ്റ്റന്റ് | പ്ലാന്റേഷൻ കോർപ്പറേഷൻ രാജപുരം എസ്റ്റേറ്റ് (പാണത്തൂർ) | 2019-20 ഒന്നാം അർദ്ധവർഷം | വിടുതൽ ചെയ്ത തീയ്യതി.21.06.2019<br>(82ദിവസം) |

തെഴിൽ പരിശോധനയിൽ കണ്ടെത്തിയ മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.02/05.10.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല.

## 1-11 ലൈസൻസ് പൊതു അപാകതകൾ

(1)2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം,

ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ചുമത്താവുന്ന പരമാവധി ഫീസാണ് ഭേദഗതി ചെയ്ത പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നിരിക്കെ സ്ലാബുകൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്ത് ചുമത്തുന്ന ഫീസിന് നിരക്ക് നിശ്ചയിച്ചിട്ടില്ല. മൂലധന നിക്ഷേപം അടിസ്ഥാനമാക്കാതെ പ്രതിദിന വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ തന്നെ ലൈസൻസ് ഫീസ് ഈടാക്കുകയാണ് ഉണ്ടായത്. ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിക്കാത്തതിനു വിശദീകരണം ആവശ്യമാണ്.

<u>2) ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.</u>

2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ 15 വാർഡുകളിലായി ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ 348 കച്ചവട സ്ഥാപനങ്ങളാണ് പ്രവർത്തിച്ച് വരുന്നത്. 2019-20 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം ലൈസൻസ് വരുമാനം 1,01,000/- രൂപയാണ്. എന്നാൽ പഞ്ചായത്തിന്റെ കണക്കുകൾ പ്രകാരം 1255 വാണിജ്യകെട്ടിടങ്ങളുണ്ട്. ഈ കണക്കുകൾ അനുസരിച്ച് ലൈസൻസ് എടുത്തവരുടെ എണ്ണം വളരെ കുറവാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 205 ബി അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട/ ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്.1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.04/05.10.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല.

## <u>1-12 അഗതി ആശ്രയ പദ്ധതി-പഴയ ബാങ്ക് അക്കൗണ്ടിൽ വലിയ തുക ബാലൻസ്</u>

ഗ്രാമ പഞ്ചായത്തിലെ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് അഗതി – ആശ്രയ പദ്ധതി. അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഈ പദ്ധതിക്ക് ചാലഞ്ച് ഫണ്ട്, പ്ലാൻ ഫണ്ട് ഇനങ്ങളിൽ തുക മുൻവർഷങ്ങളിൽ തുക അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി തുടങ്ങിയ കാലത്ത് പണമിടപാടുകൾക്കായി പനത്തടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ അക്കൗണ്ട് തുടങ്ങിയിരുന്നു. ( അക്കൗണ്ട് നം.6747.) നിലവിൽ അഗതിരഹിത കേരളം പദ്ധതിയിലൂടെയാണ് അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നത്. അഗതിരഹിത കേരളം പദ്ധതിക്കു വേണ്ടി ഇപ്പോൾ ദേശസാൽകൃത ബാങ്കായ കേരളാ ഗ്രാമീൺ ബാങ്ക് പാണത്തൂർ ശാഖയിൽ 29.7.2019 ന് പുതിയ അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. അതിനാൽ പനത്തടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ അക്കൗണ്ട് വഴി ഇടപാടുകൾ നടത്തുന്നില്ല. ഈ അക്കൗണ്ടിൽ 31.3.2021 ൽ 7,53,094/- രൂപ നീക്കിയിരിപ്പുണ്ട്. കുടുംബശ്രീ എക്സി.ഡയറക്ടറുടെ നം.KS/L/ 40/ 2019 (1)/ തിയ്യതി -17.1.2019 ഉത്തരവിലെ വ്യവസ്ഥകളിൽ ക്രമ നം.(3) പ്രകാരം ആശ്രയ 1,2 ഘട്ടങ്ങൾക്ക് അനുവദിച്ച ചാലഞ്ച് ഫണ്ട് തുകയിലൊ, പ്ലാൻ ഫണ്ട് തുകയിലൊ നീക്കിയിരിപ്പ് ഉണ്ടെങ്കിൽ അത് തരം തിരിച്ച് അഗതിരഹിത കേരളം പദ്ധതിക്കു വേണ്ടി ഇപ്പോൾ ദേശസാൽകൃത ബാങ്കിൽ തുടങ്ങിയ അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കണം എന്ന് സൂചിപ്പിച്ചിട്ടുണ്ട്. 2019 ൽ ഉത്തരവ് വന്നെങ്കിലും നാളിതുവരെയായി പനത്തടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ നീക്കിയിരിപ്പ് തുക ദേശസാൽകൃത ബാങ്കിൽ തുടങ്ങിയ അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. തുക എത്രയും പെട്ടെന്ന് ദേശസാൽകൃത ബാങ്കിൽ തുടങ്ങിയ അക്കൗണ്ടിലേക്ക് മാറ്റി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ സഹായം നൽകിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട് നം. 20/2019-20 / ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ

1. 6,00,000/-രൂപ - പ്ലാൻ ജനറൽ - ചെലവ് - 4,23,900/-രൂപ

2. 3,00,000/-രൂപ - ബ്ലോക്ക് ഷെയർ - ചെലവ് - 1,41,300/-രൂപ

ആകെ അടങ്കൽ - 9,00,000/-രൂപ

ആകെ ചെലവ് - 5,65,200/-രൂപ

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി – ധനസഹായം – അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ. (കൈ) നം.22/2018/ തസ്വഭവ, തീയ്യതി 14.02.2018 ഖണ്ഡിക 7.1.6 പ്രകാരം ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്ന സഹായങ്ങൾ പരാമർശിച്ചിട്ടുണ്ട്. ആയത് പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പും വാർഷിക ബത്തയും ഉൾപ്പെടെ ഏറ്റവും താഴ്ന്ന ക്ലാസ്സിൽ പഠിക്കുന്നവർക്ക് മിനിമം 5300/- രൂപയും മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതി വർഷം 28500/- രൂപയു വരെയും അർഹതയുണ്ട്.

ഈ മേഖലയെ സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് ഇല്ലാത്തതിനാൽ എത്ര പേർ പഞ്ചായത്തിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരായി ഉണ്ട് എന്നതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. 2019-20 വർഷം 58 ഗുണഭോക്താക്കൾക്കാണ് നിർവ്വഹണ ഉദ്യോഗസ്ഥ മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയിട്ടുള്ളത്. ആകെ 5,65,200/- രൂപയാണ് ഈ ഇനത്തിൽ ചെലവഴിച്ചിട്ടുള്ളത്. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് മാത്രം പരമാവധി ഒരുവർഷം 28,500/- രൂപ നിരക്കിൽ ആകെ 16,53,000/- രൂപ സ്കോളർഷിപ്പിന് അർഹതയുണ്ട് എന്നിരിക്കെയാണ് 58 ഗുണഭോക്താക്കൾ വേണ്ടി 9,00,000/- രൂപ മാത്രം അടങ്കലായി പ്രോജക്ട് രൂപീകരിച്ച് നടപ്പാക്കിയത്. തുടർ വർഷങ്ങളിൽ മേഖലയെ സംബന്ധിച്ച കൃത്യമായ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ആയത് പ്രകാരം ഭിന്നശേഷിയിൽപ്പെട്ട അർഹരായവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നൽകാൻ കഴിയുന്ന മുഴുവൻ സഹായങ്ങൾക്കും ആവശ്യമായ ഫണ്ട് വകയിരുത്തി പദ്ധതി നടപ്പാക്കേണ്ടതാണ്.

## 1-14 അഗതി രഹിത കേരളം പദ്ധതി – തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് അഗതി – ആശ്രയ പദ്ധതി. ഇത് നിലവിൽ അഗതി രഹിത കേരളം പദ്ധതി എന്നാണ് അറിയപ്പെടുന്നത്. കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിക്കാനുള്ള ഏകീകൃത പദ്ധതി എന്ന നിലയിൽ അഗതി രഹിത കേരളം പദ്ധതി കുടുംബശ്രീയുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുണ്ട്.

നിലവിൽ അഗതിരഹിത കേരളം പദ്ധതിയിലൂടെയാണ് അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നത്. 2019-20 വർഷത്തിൽ അഗതി രഹിത കേരളം പദ്ധതി -ജനറൽ, അഗതിരഹിത കേരളം പദ്ധതി -പട്ടികവർഗ്ഗം എന്നീ 2 പദ്ധതികളിലായി ആകെ 10,00,000/- രൂപ സി.ഡി.എസ് ന് കൈമാറിയിട്ടുണ്ട്. ഇതിൽ 2,50,000/- രൂപ മാത്രമെ ചെലവഴിച്ചിട്ടുള്ളൂ. ബാക്കി 7,50,000/- രൂപ ചെലവഴിക്കാൻ ബാക്കിയുണ്ട്. വീട് റിപ്പയർ ചെയ്യുന്നതിന്

വേണ്ടിയാണ് ഈ തുക ചെലവഴിച്ചിട്ടുള്ളത്. ബാക്കി തുകയും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**1-15 കരാറുകാർ നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചിട്ടില്ല- പിഴ തുക ഈടാക്കാത്തതിനാൽ 27120/- രൂപയുടെ നഷ്ടം**

കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2009.6 ലെ വ്യവസ്ഥ അനുസരിച്ച് മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ലഭിച്ച കരാറുകാർ സെലക്ഷൻ നോട്ടീസുകളുടെ/ലെറ്റർ ഓഫ് ആക്സപ്റ്റൻസിന്റെ രജിസ്റ്റേർഡ് തപ്പാൽ തിയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ ടെണ്ടറിംഗ് അധികാരിയുമായി കരാർ ചമച്ചിരിക്കേണ്ടതാണ്. എന്നാൽ ഈ 14 ദിവസങ്ങൾക്കുള്ളിൽ കരാർ ചമക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴയോടു കൂടി (കുറഞ്ഞത് 1000/- രൂപ, കൂടിയത് 25,000/- രൂപ) അടുത്ത 10 ദിവസങ്ങൾക്കുള്ളിൽ കരാർ ചമയ്ക്കാവുന്നതാണ്. പിഴ കൂടാതെയുള്ള 14 ദിവസങ്ങൾക്കും പിഴയോടു കൂടി കരാർ വയ്ക്കാവുന്ന 10 ദിവസങ്ങൾക്കുമുള്ളിൽ കരാർ ചമയ്ക്കാത്ത സാഹചര്യത്തിൽ ടെണ്ടറിംഗ് അധികാരിക്ക് ടെണ്ടർ ക്യാൻസൽ ചെയ്യാവുന്നതും വീഴ്ച വരുത്തിയ കരാറുകാരന്റെ ഇ.എം.ഡി. തുക കണ്ടു കെട്ടാവുന്നതുമാണ്. തൊട്ടടുത്ത നിരക്ക് ക്വാട്ട് ചെയ്ത ബിഡ്ഡറുമായി നെഗോസിയേഷൻ നടത്തി ആ ബിഡ്ഡർ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ നിരക്കിൽ പ്രവൃത്തി ചെയ്യാൻ സന്നദ്ധനാണെങ്കിൽ അപ്രകാരം ചെയ്യാവുന്നതും അല്ലെങ്കിൽ പ്രവൃത്തി റീടെണ്ടർ ചെയ്ത് നടപ്പിലാക്കാവുന്നതുമാണ്.

എന്നാൽ 2019-20 വർഷം നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയറുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത് പിഴ കൂടാതെ കരാറിൽ ഏർപ്പെടാവുന്ന കാലയളവും പിന്നിട്ട ശേഷമാണ്.

നോട്ടിഫൈ ചെയ്ത 14 ദിവസങ്ങൾക്ക ശേഷമുള്ള കരാർ ആയതിനാൽ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2009.6 ലെ വ്യവസ്ഥ അനുസരിച്ചുള്ള പിഴ ഈടാക്കിക്കൊണ്ട് മാത്രമേ കരാറിൽ ഏർപ്പെടാമായിരുന്നുള്ളൂ. എന്നാൽ പിഴ ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്, കരാറുകാരൻ, കരാർ തുക, കരാർ നം, തിയതി | സെലക്ഷൻ നോട്ടീസ് തിയതി<br>രജിസ്റ്റർ ചെയ്ത തിയതി | പിഴയില്ലാതെ കരാർ വയ്ക്കാമായിരുന്ന തിയതി | കരാർ തിയതി | ഈടാക്കേണ്ടിയിരുന്ന പിഴ തുക |
|---|---|---|---|---|---|
| 1 | പ്രോജക്ട് നം. 0205/19-20 തച്ചർക്കടവ്-പുലിക്കടവ് റോഡ് ടാറിംഗ്)<br>കരാറുകാരൻ-ജി.എസ്. രാജീവ്,<br>കരാർനം.70/18-19, തിയതി 19-02-2019<br>കരാർ തുക- 3,99,741 രൂപ | 30.01.2019<br>രജിസ്റ്റർ ചെയ്ത തിയതി - ഇല്ല (രജിസ്റ്റേർഡ് പോസ്റ്റ് അക്നോളഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 13.02.2019 | 19-02-2019 | 3,997 |
| 2 | പ്രോജക്ട് നം. 0173/19-20, നെല്ലിത്തോട് 50ഏക്കർ റോഡ് കൽവർട്ട്, ഡ്രെയിനേജ്, കരാറുകാരൻ- റോയ് ജോസ്, കരാർ നം, 23/18-19, തീയതി 10-10-2018 കരാർ തുക - 4,23,243 | 24-09-2018<br>രജിസ്റ്റർ ചെയ്ത തിയതി- ഇല്ല (രജിസ്റ്റേർഡ് പോസ്റ്റ് അക്നോളഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 8.10.2018 | 10-10-2018 | 4,232 |
| 3 | പ്രോജക്ട് നം. 0198/19-20, ചാമുണ്ഡിക്കുന്ന്-ഓട്ടമല റോഡ്കൽവേർട്ട് ഡ്രെയിനേജ്,<br>കരാറുകാരൻ-റോയ്ജോസ് | തിയതി 24.09.2018<br>രജിസ്റ്റർ ചെയ്ത തിയതി- ഇല്ല | 8-10-2018 | 10.10.2018 | 3,821 |

| | | | | | |
|---|---|---|---|---|---|
| | കരാർ നം. 21/ 2018-19 തിയതി-10-10-2018<br>കരാർ തുക- 3,82,115 | (രജിസ്റ്റേർഡ് പോസ്റ്റ് അക്നോളഡ്ജ്മെന്റ് ഫയലിൽ ഇല്ല) | | | |
| 4 | പ്രോജക്ട് നം. 0161/19-20,<br>കല്ലപ്പള്ളി രംഗത്തുമല റോഡ് ടാറിംഗ്<br>കരാറുരാരൻ- എം.ഡി.സെബാസ്റ്റ്യൻ, കരാർ നമ്പർ- 32/18-19, തീയതി-11-10-2018, കരാർ തുക -11,07,286 രൂപ. | 24-09-2018<br>രജിസ്റ്റർ ചെയ്ത തിയതി- ഇല്ല<br>(രജിസ്റ്റേർഡ് പോസ്റ്റ് അക്നോളഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 8-10-2018 | 11-10-2018 | 11,073 |
| 5 | പ്രോജക്ട് നം. 0169/19-20, പനത്തടി തച്ചർക്കടവ് വെള്ളക്കല്ല് റോഡ് റീടാറിംഗ്<br>കരാറുകാരൻ- എം. ഡി. സെബാസ്റ്റ്യൻ,<br>കരാർ നമ്പർ-28/18-19, തീയതി-11-10-2018,<br>കരാർ തുക- 3,99,741 | 24-09-2018<br>രജിസ്റ്റർ ചെയ്ത തിയതി- ഇല്ല<br>(രജിസ്റ്റേർഡ് പോസ്റ്റ് അക്നോളഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 8-10-2018 | 11-10-2018 | 3,997 |
| | ആകെ | | | | 27120 |

മേൽക്കാണിച്ച പ്രകാരമുള്ള ആകെ നഷ്ടത്തുകയായ 27120/- രൂപ ബന്ധപ്പെട്ട കരാറുകാരിൽനിന്നോ ഉത്തരവാദിയായ എഞ്ചിനീയറിൽനിന്നോ ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 1/2019-20, തീയതി 01-10-2021)

## 1-16 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ.

പനത്തടി ഗ്രാമപഞ്ചായത്തിലെ കുണ്ടുപള്ളി – മൈലാട്ടി, പാണത്തൂർ മൈലാട്ടി റോഡിന് നടുവിൽ സ്ഥിതി ചെയ്യുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പദ്ധതിക്കായി താഴെപ്പറയുന്ന വൗച്ചർ പ്രകാരം തുക കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിക്ഷേപം നടത്തിയിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഫണ്ട് - തനത് ഫണ്ട്.

ചെക്ക് നമ്പർ.1935480 തീയ്യതി.22-08-2019.

വൗച്ചർ നം.21900393/22-08-2019 -18,347/-രൂപ.

ഉത്തരവ് നം.എസ്.സി -01-640/2019 തിയ്യതി -25.07.2019 പ്രകാരം കുണ്ടപള്ളി – മൈലാട്ടി, പാണത്തൂർ മൈലാട്ടി റോഡിന് നടുവിൽ സ്ഥിതി ചെയ്യുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിനായി ആകെ 18,347/-രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ബളാംതോട് സെക്ഷന് കൈമാറിയിട്ടുണ്ട്. വൗച്ചർ നം.21900393/ 22-08-2019- പ്രകാരം 18,347/-രൂപ സിൻഡിക്കേറ്റ് ബാങ്ക് ചുള്ളിക്കര ശാഖയുടെ അക്കൗണ്ടിലേക്ക് (ബാങ്ക് അക്കൗണ്ട് നം. 47023170000095/) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

ഈ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു

1. കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ബളാംതോട് സെക്ഷൻ ഈ പദ്ധതിക്കായി തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റ്, എസ്റ്റിമേറ്റിന് ഭരണസമിതി അംഗീകാരം നൽകിയത് സംബന്ധമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. ഈ പദ്ധതി പൂർത്തീകരിച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.10/08.10.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 18,347/- രൂപ. ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-17 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും നികുതികൾ കുറവു ചെയ്തില്ല.**

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിപ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്കു മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടച്ചതായി കാണുന്നില്ല. പ്രവൃത്തികളുടെയും, സാമഗ്രികൾ വാങ്ങിയ വകയിൽ കരാറുകാരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച തുകകളുടെയും സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി യുടെയും (1% എസ്.ജി.എസ്.ടി, 1% സി.ജി.എസ്.ടി) ആദായ നികുതിയുടേയും (1%) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | മെറ്റീരിയൽ തുക | എഫ്.ടി.ഒ. നമ്പർ & തിയതി | ഈടാക്കേണ്ട GST | ഈടാക്കേണ്ട IT |
|---|---|---|---|---|---|---|
| 1 | ഗാന്ധിപുരം-മാനടുക്കം റോഡ് കോൺക്രീറ്റ് | രാജീവ്.ജി.എസ് | 186319.6 | 570565,570573 03.02.2020 | - | 1,863/- |
| 2 | വടശ്ശേരിമുക്ക് മൈലാട്ടി വാട്ടർ ടാങ്ക് റോഡ് കോൺക്രീറ്റ് | രാജീവ്.ജി.എസ് | 4,00,000 | 451841യ 26.12.2019 | 8,000/- | 4,000/- |
| 3 | പാടി ചുഴിപ്പ് കരിവേടകം റോഡ് കോൺക്രീറ്റ് | രാജീവ്. ജി.എസ് | 4,04,500 | 61162/ 18-05-2019 | 8,090/- | 4,045/- |
| 4 | വട്ടക്കയം-പവിത്രക്കയം റോഡ് കോൺക്രീറ്റ് | രാജീവ്.ജി.എസ് | 4,09,070 | 544587/ 02.02.2020 | 8,181/- | 4,091/- |
| 5 | ഗാന്ധിപുരം-മാനടുക്കം റോഡ് കോൺക്രീറ്റ് | രാജീവ്.ജി.എസ് | 2,21,640 | 180901/ 20.08.2019 | 4,433/- | 2,216/- |
| 6 | കുണ്ടുപ്പള്ളി പാറക്കടവ് റോഡ് കോൺക്രീറ്റ് | രാജീവ്.ജി.എസ് | 4,00,000 | 547277/ 03.02.2020 | 8,000/- | 4,000/- |
| 7 | കല്ലപ്പള്ളി രംഗത്തുമല റോഡ് കോൺക്രീറ്റ് | രാജീവ്.ജി.എസ് | 4,04,870 | 547277/ 03.02.2020 | 8,097/- | 4,049/- |
| 8 | ഗാന്ധിപുരം നരിയിരിക്കുംപാറ വീട്ടിയാടി റോഡ് കോൺക്രീറ്റ് | രാജീവ്.ജി.എസ് | 4,07,190.75 | 556863/ 27.02.2020 | 8,144/- | 4,072/- |

| | | | | | | |
|---|---|---|---|---|---|---|
| 9 | ഓട്ടമല എം.ജി.എൽ.സി കുണ്ടുക്കയം റോഡ് കോൺക്രീറ്റ് | രാജീവ്.ജി.എസ് | 4,07,190.75 | 556863/ 27.02.2020 | 8,144/- | 4,072/- |
| 10 | അബേദ്ക്കർ ചെമ്പംവയൽ റോഡ് കോൺക്രീറ്റ് | രാജീവ്.ജി.എസ് | 4,00,000 | 338282/ 18.11.2019 | 8,000/- | 4,000/- |
| 11 | ബാപ്പുങ്കയം അഗതി ചിറംങ്കടവ് റോഡ് കോൺക്രീറ്റ് | രാജീവ്.ജി.എസ് | 4,07,560.75 | 573115/ 06.03.2020 | 8,151/- | 4,076/- |
| 12 | അരിപ്രോഡ് കാപ്പിത്തോട്ടം എസ്.ടി കോളനി റോഡ് കോൺക്രീറ്റ് | രാജീവ്.ജി.എസ് | 3,82,072.8 | 556866/ 27.02.2020 | 7,641/- | 3,821/- |
| | | | | ആകെ | 84,881/- | 44,305/- |

നികുതികൾ ഈടാക്കാത്തതിന് കാരണങ്ങൾ വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.03/05.10.2021) സെക്രട്ടറി മറുപടി നൽകിയിട്ടില്ല. ആയതിനാൽ ആദായ നികുതി, ജി.എസ്.ടി എന്നീയിനങ്ങളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കി നികത്തേണ്ടതാണ്.

**<u>1-18 തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിട്ടില്ല.</u>**

ഗ്രാമ പഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 2019-20 ൽ 1,47,076/-രൂപ കെ.എസ്.ഇ.ബി യിൽ അടച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി യും ഗ്രാമപഞ്ചായത്തും നാളിതുവരെയായും സംയുക്തമായി പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ എത്രയെണ്ണം ഉണ്ടെന്നും അവയുടെ തരം ഏതൊക്കെ ആണ് എന്നും നിർണ്ണയിച്ചതായി കാണുന്നില്ല. കത്താത്ത തെരുവ് വിളക്കുകൾക്ക് കൂടി വൈദ്യുതചാർജ് ഒടുക്കേണ്ടിവരുന്ന അവസ്ഥ ഇത് കാരണം പഞ്ചായത്തിൽ നിലനിൽക്കുന്നു. സംയുക്ത പരിശോധന നടത്തി, കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിച്ച് ആയത് രജിസ്റ്ററിൽ രേഖപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചുവടെ കൊടുക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1. ഗ്രാമ പഞ്ചായത്തിൽ ആകെ പരിപാലിച്ചുവരുന്ന തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം, ഇനം എന്നിവ സംബന്ധിച്ച രജിസ്റ്റർ.

2. കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്.

ഓഡിറ്റ് എൻക്വയറി നം.05/ 05.10.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. സംയുക്ത പരിശോധന നടത്തി ഉപയോഗയോഗ്യമായ തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളതെന്ന് നിർണ്ണയിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ, തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ് .

**<u>1-19 വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല.</u>**

